LIBRARY ARCHIVES Kerala Legislative Assembly

മട്ടന്നൂർ മണക്കായി കടവ് പാലം

320 (1364) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായി കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് ഏത് ഉത്തരവുപ്രകാരമാണ് എന്ന് അറിയിക്കാമോ ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ ;

(സി) പാലത്തിന്റെ അപ്രോച്ചുറോഡുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിക്കഴിഞ്ഞിട്ടുണ്ടോയെന്നും തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(ഡി) പാലം നിർമ്മാണ പ്രവർത്തി എപ്പോൾ ടെൻഡർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 14-7-2009-ലെ സ.ഉ. (സാധാ.) നമ്പർ 1044/09/പൊ.മ.വ. പ്രകാരം മണക്കായിക്കടവ് പാലത്തിനു ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 523 ലക്ഷം രൂപ.

(സി&ഡി) പാലത്തിന്റെ അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ബാക്കി പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

കരാറുകാരുടെ കുടിശ്ശിക

321 (1365) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് എത്ര കോടി രൂപ കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട് ;

(ബി) എത്ര മാസം മുമ്പുവരെയുള്ള ബില്ലുകളാണ് അവസാനമായി മാറി നൽകിയത് ;

(സി) പൂർത്തീകരിച്ച പ്രവൃത്തിയുടെ തുക മാസങ്ങൾ കഴിഞ്ഞിട്ടും മാറി നൽകാൻ കഴിയാത്തതുകൊണ്ട് കരാറുകാർ പുതിയ പ്രവൃത്തിയുടെ ടെണ്ടർ എടുക്കാൻ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കരാറുകാർ പുതിയ പ്രവൃത്തി ഏറ്റെടുക്കാത്തത് വികസന പ്രവർത്തങ്ങളെ ദോഷകരമായി ബാധിക്കില്ലേ ; വ്യക്തമാക്കാമോ ;

(ഇ) കരാറുകാരുടെ കുടിശ്ശിക ഇക ഗുഴവൻ എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1680.79 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 453.55 കോടി രൂപയും, ദേശീയ പാത വിഭാഗത്തിൽ 54.09 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്.

(ബി) 31-12-2013 വരെയുള്ള ബില്ലുകളാണ് അവസാനമായി മാറിയത്.

(സി) വിമുഖത കാണിക്കുന്നുണ്ട്. എന്നാൽ ഇടക്കം കുറിച്ച പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ മന്ദീഭവിക്കാൻ ഇടയാക്കിയിട്ടുണ്ട്.

(ഇ) 2014 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ ബില്ലുകൾ യഥാക്രമം 2015 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ സർക്കാർ നൽകുമെന്ന് ഉത്തരവായിട്ടുണ്ട്. ഇതു കൂടാതെ കരാറുകാർക്ക് ബാങ്കുകളിൽനിന്നും പണം ലഭ്യമാക്കാൻ വേണ്ടി ബിൽ ഡിസ്കൗണ്ട് സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി മാസങ്ങളിലെ കുടിശ്ശിക, സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ബില്ലുകളുടെ മുൻഗണനാക്രമത്തിൽ നൽകാനാണ് ശ്രമിക്കുന്നത്.

കാസർഗോഡ് മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

322 (1366) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മണ്ഡലത്തിലെ ഒറപ്പിക്കുണ്ട്, ഓടങ്കല്ല്, പാലങ്ങളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) ഈ പാലങ്ങൾ പെട്ടെന്ന് നിർമ്മിച്ചില്ലെങ്കിൽ വലിയ അപകടം ഉണ്ടാകുമെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ ; ഇതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; നിർമ്മാണം എപ്പോൾ ആരംഭിച്ച് എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly